ܘܟܠ ܚܕ ܡܢܗܘܢ ܫܩܠ ܠܟܪܘܙܘܬܐ ܕܐܬܪܐ ❖

ܦܪܘܩܐ ܕܫܠܝܚܘܗܝ ܕܐܡܪ ܠܟܠܗ ܐܬܪܐ :
ܒܫܡܗ ܕܗܘ ܕܡܝܬ ܗܘܐ ܘܩܡ ܩܕܝܫܐ .
ܐܢܬ ܗܘ ܡܪܢ ܕܐܠܗܐ ܕܫܪܐ ܒܩܘܕܫܐ :
ܐܢܬ ܗܘ ܡܪܢ ܕܫܠܡܐ ܘܐܫܬܡܠܝܬ ܒܪܘܚܐ ❖

റൂഹായാകും നല്ലൊരു വീഞ്ഞു കുടിച്ചതു മൂലം
ലഹരിപിടിച്ചൊരു ശിഷ്യസമൂഹം സഭ പണിചെയ്താർ
ആത്മബലത്താലവരുചിതം സഭ പണി ചെയ്യുമ്പോൾ
മൂവായിരമാളുകളെച്ചേർത്താരേകദിനത്തിൽ

പാവന റൂഹാ വഴിപോൽ നൽകിയ പ്രേരണമൂലം
മുക്കുവരെത്തൻ ശ്ലീഹന്മാരായ് മാററിയ നാഥാ'
നിർമ്മല ദീപ്തിയിലിവർ പണി ചെയ്‌വാൻ തുണചെയ്യണമേ
ദോഷം വിട്ടിവരുത്തമരാകാൻ വരമേകണമേ.

പെന്തിക്കൊസ്തിയുടെ ശേഷം രണ്ടാം ഞായറാഴ്ച

ܠܫܠܝܚܐ ܩܕܝܫܐ ܐܬܝܗܒܬ ܠܗܘܢ ܡܢ ܠܗܘܢ ܡܠܦܢܐ :
ܘܐܡܪܘ ܠܗܘܢ ܠܡܠܦܢܘܬܐ ܕܥܠܡܐ ܘܫܪܪܐ ܒܐܪܥܐ .
ܘܠܡܩܘܕܫܘ ܘܐܬܪܘܗܝ ܕܢܚܙܘܢ ܠܐܝܬܘܬܐ :
ܘܢܗܘܘܢ ܡܠܦܢܐ ܠܟܠ ܥܡܡܐ ܒܫܪܪܐ ❖

ܬܠܡܝ̈ܕܐ ܡܫܒܚܐ ܕܒܪܐ ܐܬܐ ܗܘ ܟܕ ܐܬܡܠܝܘ ܪܘܚܗ :
ܘܐܙܠܘ ܒܥܠܡܐ ܟܪܝܙܝܢ ܗܘܘ ܟܕ ܡܫܡܠܝܢ ܒܬܠܡܝܕܘܬܗܘܢ .
ܗܘܘ ܠܟܠܗܘܢ ܩܘܪܒܢܐ ܕܫܘܒܚܐ ܕܬܠܡܝܕܘܬܐ :
ܗܘܘ ܐܘܠܨܢܐ ܠܟܪܝܙܘܬܐ ܘܟܠܢ ܒܫܡܝܕܘܬܐ ❖

അജ്ഞന്മാരാം പ്രേഷിതരാത്മജ്ഞാനികളായി
പരമുത്സുകരായ് ദൈവിക വചനം പ്രചരിപ്പിച്ചു.
വചനമുറപ്പിച്ചിടാനത്ഭുതമനവധി ചെയ്താർ
ബഹുജനമതിനാൽ വിരവൊടുസഭയിൽ ചേർന്നു വളർന്നു.

ശ്ലീഹന്മാർ വഴിസഭ പണിതോനാം യേശുമശിഹാ!
അനുഗാമികളാലതിനു വിശാലത നൽകിയ നാഥാ
ഞങ്ങളെ നിന്നുടെ മൊഴിതൻ വഴിയിൽ ചേർത്തു നടത്തി
വിശ്വാസത്താൽ വിമല സഭയ്ക്കായ് നൽകുക മോദം.

പെന്തിക്കൊസ്തിയുടെ ശേഷം മൂന്നാം ഞായറാഴ്ച

ܒܫܡܐ ܕܡܫܝܚܐ ܐܠܐ ܢܦܠ ܡܪܢܐ ܒܪܐ ܗܘܐ ܒܪܝܬܐ :
ܗܘ ܕܐܬܐ ܢܦܫܢ ܒܩܘܪܒܢܐ ܡܠܐ ܠܟܠܢܫܘܬܐ .
ܗܘ ܕܐܬܐ ܢܦܫܢ ܒܗܘܠܢܝܢܐ ܡܠܐ ܢܡܘܣܐ ܕܫܠܡܘܬܐ :
ܡܠܟܘܬܐ ܕܫܡܝܐ ܗܝ ܕܩܪܒܬ ܠܟܠܢܫܘܬܐ ❖

ܘܐܢܐ ܚܝܐ ܕܡܢ ܐܠܗܘܬܐ ܩܪܝܒ ܠܟܠܗ̈ܘܢ :
ܐܠܐ ܗܘܝܢ ܢܦܫܢ ܘܬܪܝܢ ܥܡ ܒܝ ܥܝܡܐ .
ܢܦܫܐ ܘܢܦܫܢ ܦܓܪܢܝܐ ܘܡܠܘܟܐ ܘܡܠܟܐ :
ܘܟܠ ܘܡܢܐ ܕܢܦܫܢ ܟܠ ܒܫܦܝܪ ܒܪܝܬܐ ❖

മൂന്നാം ജലമതിൽ മേവിനറൂഹാ യുലകമനന്തേതാൻ
വന്നുനിറച്ചാൻ നിബിയന്മാരിൽ പ്രവചന ശക്തി
ശ്ലീഹന്മാർക്കായ് സുവിശേഷത്തിൻ നൽവരമേകി
താതന്മാരിൽ പാർത്തുപദേശജ്ഞാനം നൽകി

ഉലകിന്നത്ഭുതപോഷണ രക്ഷകളേകുമൊരാത്മം
വന്നുവസിപ്പാറാകണമെങ്ങളിലത്യന്തത്തോളം
പിഴയും കുറവും കറകളുമെല്ലാം പോക്കീടണമേ
സഭയെപ്പുണ്ണിയാഃനകുക ബലവും ശുദ്ധിയുമിവരിൽ.

പെന്തിക്കൊസ്തിയുടെ ശേഷം നാലാം ഞായറാഴ്ച

[illegible] :
[illegible] .
[illegible] :
[illegible] ❖

[illegible] :
[illegible] .
[illegible] :
[illegible] ❖

ആത്മഃപ്രേരിത കർഷകനിവഹം വിത്തുവിതപ്പാൻ
പാരിടമെങ്ങും പര്യടനം ചെയ്തിടതടവെന്യേ
കളകളെ നീക്കിത്തിരുവചനത്തെ വയലിൽ പാകി,
ദേശം തോറും സഭയാം വല്ലരി വളരെ വളർന്നു.

പങ്കപ്പാടൊട്ട വിശ്വാസികളെസ്സഭയിൽ ചേർത്ത
സുവിശേഷകരെസ്സതതം ഞങ്ങൾ സ്മരണം ചെയ്വൂ
തൽപ്രാർത്ഥനയാൽ നിൻ കൃപ ഞങ്ങൾക്കരുളീടണമേ
സുകൃതികളൊപ്പം ചേർത്തീടണമേ ഞങ്ങളെയരികെ.

പെന്തിക്കൊസ്തിയുടെ ശേഷം അഞ്ചാം ഞായറാഴ്ച

ܒܪܐ ܕܐܬܐ ܠܥܠܡܐ ܐܒܘܗܝ ܫܕܪܗ ܡܫܝܚܐ :
ܟܠܠ ܫܘܒܚܐ ܘܝܩܪܐ ܘܣܓܕܬܐ ܟܠ ܥܠ ܐܠܗ .
ܘܒܠܒܗ ܠܥܠܡܐ ܠܐܪܥܐ ܘܐܡܪܗ ܡܠܬܐ ܡܫܝܚܐ :
ܘܟܠ ܟܠܠ ܦܠܚܘܗ ܥܒܕܘܗ ܙܒܢܐ ܒܙܒܢܗ ܡܫܝܚܐ ❖

ܢܟܠ ܩܢܘܡܐ ܠܥܠܡܝܢ ܡܫܒܚܐ ܒܥܒܕܝܗܘܢ :
ܘܠܐ ܐܬܛܠܡ ܠܗܘܢ ܠܥܠܡܝܢ ܒܝܘܡܗ ܒܡܫܝܚܘܬܐ .
ܒܫܒܥܐ ܢܗܘܐ ܒܩܘܫܬܐ ܘܒܠܝܘ ܩܡ ܘܦܪܘܩܐ :
ܘܐܫܝܢ ܒܗ ܐܢܫ ܩܝܡܐ ܒܗܝܡܢܘܬܐ ܘܫܘܒܚܐ ❖

പാരിതിലെങ്ങും പെരുകും സഭയുടെ പരിപൂർത്തിയ്ക്കായ്
പിതൃസവിധത്തിൽ പൂകിയ പുത്രൻ പ്രാർത്ഥിക്കുന്നു
സഭതൻ പുഷ്ടിയ്ക്കുതകും ശക്തിപരം കൈവരുവാൻ
കൃപചെയ്യണമേ സൈന്യങ്ങളിലും സുതരിലുമൊരുപോൽ

സഭതൻ സേവനമരുളാനേവനുമേകുക വീര്യം
അലസത ചെറുതും പണിയുന്നോരിൽ പററീടരുതേ
തരിശാം നിലമതിലുള്ളവയ് വളരും കളപോക്കണമേ
ധാർമ്മികമാകും സൽഫലജാലം പെരുകീടണമേ.

പെന്തിക്കൊസ്തിയുടെ ശേഷം ആറാം ഞായറാഴ്ച

[illegible] :
[illegible] .
[illegible] :
[illegible] ❖

[illegible] :
[illegible] .
[illegible] :
[illegible] ❖

കർത്താവരുളിയ ജീവൻ നേടിയ നൂതന സഭയാൾ
നാശകപീഡകളേററതി ദുരിതം പ്രാപിച്ചാലും
രക്ഷക കൃപയാലാസ്സു വളർന്നതു വികസിച്ചീടും
ബലദായകനാം മശിഹായതിനെപ്പരിപാലിക്കും

സഭയിൽ പാർത്തിട്ടതിനുടെ സുതരിൽ പാവന ദാനം
നല്ലൊരു തുണയായ് ഭാഗിച്ചീടും നിർമ്മാതാവേ!
നീചഗണത്തിന്നെങ്ങളെയെല്ലാം പാലിക്കണമേ
മലിനത ചേരാതിവരെക്കാത്തു നടത്തുക ശുഭമായ്.

പെന്തിക്കൊസ്തിയുടെ ശേഷം ഏഴാം ഞായറാഴ്ച

[illegible] :
[illegible] .
[illegible] :
[illegible] ❖

ܐܚܕܢܝ ܢܛܘܪ ܥܠܝ ܬܪܬ ܠܝܡ ܒܟܠܗܘܢ :
ܐܝܬܘ ܗܢܘܢ ܠܫܬܩܘܢ ܒܬܘܪ ܒܢܠܐ ܐܬܩܢܬ .
ܦܬܚ ܠܟ ܠܘܟܡ ܘܥܠܠ ܩܕܡܐ ܘܗܘܐ ܫܠܠܬ :
ܘܒܥܘ ܒܪܝܟ ܐܚܪܐ ܫܒܝܚ ܘܫܘܒ ܠܬܘܕܝܬ ❖

സ്വർഗ്ഗത്തിൻ വഴിയിവരെക്കാണിച്ചനുഗമനാർത്ഥം
തൻ പിൻ വന്നൊരു റൂഹായാലെ നയിച്ചൊരു നാഥാ!
ദുഷ്ടാത്മാവിൻ വലയതിൽ വലയുന്നിവരെക്കാൺക
വൻപകയൻ തൻ പിണിയിൽ നിന്നും വിടുവിക്കണമേ.

നിധിനിലയത്തിന്നെങ്ങൾക്കായി കൃപ ചൊരിയണമേ
വിധിപോൽ നിന്നെപ്പിന്തുടരാനായ് തെളിവേകണമേ
കൃപ നിറയും നിൻ കതകു തുറന്നെൻ യാചന കേൾക്ക
സഭയിൽ ശാന്തതനൽകിക്കെടുതികൾ പോക്കീടണമേ.

പെന്തിക്കൊസ്തിയുടെ ശേഷം എട്ടാം ഞായറാഴ്ച

ܫܠܡܐ ܕܝܠܟ ܥܕܬܐ ܐܢܬܝ ܠܡܫܝܚܐ ܥܡܗ :
ܘܐܬܝܢ ܥܡܟ ܕܢܘܗܪܐ ܕܦܘܪܩܢܐ ܒܝܬ ܥܠܡ .
ܚܕܝ ܒܗܘܢ ܠܡܫܝܚܐ ܘܠܡܫܡܫܢܐ :
ܬܪܝܢ ܒܪܘܚ ܩܕܝܫܐ ܒܗܘܢ ܥܡܗ ܢܘܪܐ ❖

ܐܘܪܚܐ ܫܪܝܪܐ ܕܡܫܝܚܐ ܐܝܟ ܐܝܟܢ ܕܐܦܘܬ :
ܗܘ ܕܐܠܗܐ ܡܫܝܚܐ ܗܘ ܐܝܟ ܐܠܗܐ .
ܢܘܗܪܐ ܕܥܠܡܐ ܠܗ ܕܝܠܗ ܥܠ ܢܗܝܪܐ :
ܐܠܗܝ ܘܡܪܝ ܫܡܗ ܕܐܠܗܘܬܐ ܐܝܟ ܢܗܝܪܐ ❖

പാപനിമഗ്നരെയാരാഞ്ഞീടാൻ വന്നോരീശൻ
സാത്താനവരിൽ തേച്ചൊരു കറകൾ കഴുകിയകററി
ദീപ്തിയുമൊളിയും റൂഹാമൂലം ചേരാനിവരിൽ
പാവനമായിട്ടിവരുടെ ജീവൻ പാലിക്കുന്നു.

ദോഷികളെപ്പോൽ പിഴചെയ്തുങ്ങൾ നിന്തിരുമുമ്പിൽ
കഠിനവ്യഥയാൽ കരളുകലങ്ങിടുക്കണീടുന്നു
പാപികളിവരുടെ കൂട്ടത്തിൽ കൃപചൊരിയണമെന്നും
വർഷിക്കുക വാഴ്‌വെന്നും തെളിവോടങ്ങേ വാഴ്ത്താൻ.

പെന്തിക്കൊസ്തിയുടെ ശേഷം ഒൻപതാം ഞായറാഴ്ച

ܡܪܝܐ ܕܡܚܣܢ ܟܠ ܒܢܝܢܫܐ ܒܡܪܚܡܢܘܬܐ :
ܘܐܦ ܠܚܛܝܐ ܗܘ ܡܫܪܝܢܘܬܐ ܒܝܕ ܬܝܒܘܬܐ .
ܢܛܪܢ ܘܢܚܡܝܢ ܒܬܪܥܘܗܝ ܕܡܚܝܐ ܟܠ ܡܫܬܐܠܢܘܬܐ :
ܦܪܘܩ ܘܡܪܚܡܢ ܠܟܠ ܒܢܝܢ ܒܡܪܚܡܢܘܬܐ ❖

ܘܗܐ ܒܚܠܐ ܡܫܬܡܥܝܢ ܡܢ ܟܠ ܐܘܪܚܐ ܘܐܘܪܚܐ :
ܡܠܐ ܡܚܕܐ ܡܫܠܡܢܘܬܐ ܠܘܬ ܒܝܬܐ ܕܐܘܪܚܐ .
ܐܦ ܠܡܝܐ ܡܫܬܠܡܝܢ ܠܗܘܢ ܒܡܪܚܡܢܘܬܐ :
ܠܘ ܠܢ ܡܪܝܐ ܒܪܚܡܝܟ ܢܛܪ ܘܟܠܐ ܡܫܒܚܬܐ ❖

അനുതാപത്താൽ പുണ്യം പാപിയ്ക്കരുളും നാഥാ!
കരളലിവാലീ ഞങ്ങടെ പിഴകൾ മായിക്കണമേ
കന്മഷമാകും പങ്കമശേഷം കഴുകിപ്പോക്കി
പാലിക്കണമേ ഞങ്ങളെയനിശം നിർമ്മലരാക്കി.

തീക്കനലിൽ പൊൻവെള്ളികളധികം സ്ഫുടമായീടും
മലിനപദാർത്ഥം വിമലജലത്താൽ വിമലതനേടും
അനുതാപത്താൽ പാപികളതുപോൽ നിർമ്മലരാകും
പോക്കുക നാഥാ താപം നിറയും ഞങ്ങടെ പാപം.

പെന്തിക്കൊസ്തിയുടെ ശേഷം പത്താം ഞായറാഴ്ച

[illegible] :
[illegible] .
[illegible] :
[illegible] ❖

[illegible] :
[illegible] .
[illegible] :
[illegible] ❖

ഞങ്ങൾക്കായി സ്വർഗ്ഗത്തിന്നമിറങ്ങിയൊരപ്പം
ഞങ്ങടെ കുറവാൽ കാൽവറി മലയിൽ മുറിവുകളേററു.
തന്റെ വിലാവു പിളർന്നു വഴിഞ്ഞൊരു രുധിരം മൂലം
ലോകം കഴുകിയധർമ്മം നീക്കി വിശുദ്ധിയുമേകി.

ശുദ്ധീകരണം നൽകും താതൻ തൻ തിരുമുമ്പിൽ
നിജ്ജരകത്തൊടു യാചന ചെയ്യും ശ്രേഷ്ഠാചാര്യാ!
ഞങ്ങടെ പാപം പോക്കിക്കറകൾ മായിക്കണമേ
തെളിവായ് ഞങ്ങൾ നതിയർപ്പിക്കും തിരുസന്നിധിയിൽ.

മാർ പത്രോസ് മാർ പൗലോസ് ശ്ലീഹൻമാരുടെ ഓർമ്മ
(ജൂൺ 29)

[illegible] :
[illegible] .
[illegible] :
[illegible] ❖

ܦܛܪܘܣ ܫܠܝܚܐ ܘܕܝܠܗ ܡܪܗ ܗܦܝܟ ܙܩܝܦܐ :

ܦܘܠܘܣ ܫܠܝܚܐ ܘܒܪܝܫܗ ܦܣܝܩܐ ܘܩܛܝܠ ܒܣܝܦܐ .

ܡܪܗܘܢ ܦܛܪܐ ܡܫܡܠܝܢ ܕܒܣܪܐ ܠܡܬܐ :

ܫܒܚܘ ܠܡܪܝܐ ܕܡܫܡܠܐ ܠܗܘܢ ܟܠܝܠܐ ❖

ജീവപ്രദമാമത്തിരുവചനം ഘോഷിച്ചീടാൻ
പത്രോസ് പൗലോസ് ശ്ലീഹന്മാരിഹ യാത്ര തിരിച്ചു.
യേരുശലേം മുതൽ റോമാവരെയും വീറോടോടി
സമ്പ്രാപിച്ചു നാഥനിൽ നിന്നും നീതികിരീടം

നാഥനു വേണ്ടിക്കുരിശിൽ മരിച്ചു, പത്രോസ്ശ്ലീഹാ
വാൾവായ്ത്തലമേൽ തലയർപ്പിച്ചു, പൗലോസ്ശ്ലീഹാ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായി ശ്ലീഹന്മാരേ!
കർത്താവേ! തൽപ്രാർത്ഥന ഞങ്ങൾക്കെന്നും ശരണം.

പന്ത്രണ്ട് ശ്ലീഹൻമാരുടെ ഓർമ്മ
(ജൂൺ 30)

ܒܪܝܟ ܡܪܢܐ ܠܥܠܡܝܢ ܡܠܟܐ ܐܘܪܚܐ ܫܠܝܚܐ :

ܟܝ ܒܟܠܗܘܢ ܐܬܘܬܐ ܘܐܝܟ ܐܘܪܚܐ ܢܗܝܪܐ .

ܢܦܩܘ ܘܗܘ ܡܠܝܢ ܡܠܟܘܬܝ ܒܫܡܗ ܕܡܫܝܚܐ :

ܘܐܟܪܙܘ ܒܗ ܒܥܠܡܐ ܟܠܗ ܢܘܗܪܐ ܒܪܝܬܐ ❖

ܦܛܪܘܣ ܐܢܕܪܐܘܣ ܝܥܩܘܒ ܝܘܚܢܢ ܦܝܠܝܦܘܣ ܡܬܝ :

ܫܡܥܘܢ ܝܗܘܕܐ ܬܐܘܡܐ ܒܪܬܘܠܡܝ ܝܥܩܘܒ ܕܚܠܦܝ .

ܠܒܝ ܬܕܝ ܘܡܬܝ ܗܠܝܢ ܬܪܥܣܪ ܫܠܝܚܐ :

ܫܠܝܚܐ ܐܦܝܣܘ ܠܐ ܢܦܫܘܬ ܕܡܫܝܚܐ ܒܥܠܡܐ ❖

വാഴ്ത്തുക പന്തിരു ശിഷ്യരെയാത്തി സഭയാ നാഥാ!
പോഷിപ്പിക്കുക പന്തിരുമാസമെഴും വർഷത്തെ
പാവനദിനമാം പെന്തിക്കോസ്തിൻ വീര്യത്താലേ
നിൻപേർക്കായി പ്രേഷിതനിവഹം പീഡനമേററു.

പത്രോസന്ത്രാസ്‌യോവാൻ യാക്കോ തോമാ മത്തായ്
അല്പായ് പുത്രൻ യാക്കോ ശീമോൻ പീലിപ്പോസേ!
ബർത്തുൽമായേ! ലാബി മത്യാസ് ശ്ലീഹന്മാരേ!
ഞങ്ങടെ പാപവിമോചനമതിനായ് പ്രാർത്ഥിച്ചിടുവിൻ.

മാർ തോമ്മാശ്ലീഹായുടെ ഓർമ്മ
(ജൂലൈ 3)

[illegible] :
[illegible] .
[illegible] :
[illegible] ❖

[illegible] :
[illegible] .
[illegible] :
[illegible] ❖

സന്ദേഹത്താൽ സാക്ഷാൽ കർത്താവാം ദൈവത്തെ
തെളിവായറിവാൻ ജ്ഞാനം നേടിയ തോമ്മാശ്ലീഹാ
സുവിശേഷിപ്പാൻ പലനാടുകളിൽ ചുററി നടന്നാൻ
ഒടുവിൽ ദക്ഷിണ ഭാരതമതിലൊരു ഖലനാൽ ഹതനായ്

ഉററാപുരിയിൽ നിന്നാഗതനാമൊരു ഗുരു ഭക്തൻ
അത്തിരുശേഷിപ്പൂററാപുരിയിൽ നിക്ഷേപിച്ചു.
സുവിശേഷത്താൽ ഞങ്ങടെ ജനകൻ തോമ്മാശ്ലീഹാ!
ഈ സഭയിലെ നിൻ സുതരുടെ പേർക്കായ് പ്രാർത്ഥിക്കണമേ.

മറുരൂപപ്പെരുന്നാൾ

ܡܫܒܚ ܠܫܦܝܪ ܐܝܟ ܒܦܘܡܐ ܕܕܘܝܕ ܡܠܟܐ ܀
ܐܪ̈ܙܐ ܡܟܣܝܐ ܐܬܓܠܝܘ ܠܟ ܢܘܗܪ ܒܡܠܟܘܬܐ .
ܒܪܘܚܟ ܚܕܝ ܡܠܟܘܬܟ ܕܢܗܘܐ ܢܘܗܪܐ ܡܠܟܐ ܀
ܠܓܢܝ ܡܠܟܐ ܘܠܐܝܢܐ ܗܘܘ ܠܗ ܒܢܝ ܡܠܟܐ ❖

ܢܚܘܢ ܘܐܒܐ ܠܡܠܟܘܬܟ ܕܢܗܘܐ ܠܟܠ ܕܝܢ ܠܗܘܢ ܀
ܢܒܝܐ ܠܡܫܝܚܐ ܘܢܒܝܐ ܡܠܟܐ ܫܘܒܚܝ ܫܡܝܐ .
ܢܒܝܐ ܗܘܘ ܟܠܗ ܠܡܠܟ ܡܠܟܐ ܫܡܝܐ ܀
ܟܐܢܐ ܐܪܐܙܐ ܕܡܠܟܘܬܟ ܠܢܒܝܐ ܫܡܝܐ ❖

ദാവീദിൻ മൊഴിപോൽ സ്തുതിപാടുക ഗിരിതാബോറേ!
മഹിത രഹസ്യാലോചന നിന്മേലിന്നുളവായി
യേശുമഹീപതി സൂചിപ്പിച്ചാൻ ദൈവിക രാജ്യം
മൂശാനിബിയോടേലീയായും ചേർന്ന സദസ്സിൽ

വിൺതലരാജ്യ പ്രകടന വേളയിലൊരു മൃതനേയും
മൃതിരഹിതനെയും മശിഹാമന്നൻ സാക്ഷികളാക്കി
നേരുള്ളോർക്കായ് കാട്ടീടണമേ സ്വർഗ്ഗരഹസ്യം
നാഥാ' ചേർക്കുക ഞങ്ങടെ ബോധം തിരുസന്നിധിയിൽ.

ദൈവമാതാവിന്റെ ശൂനോയൊ പെരുന്നാൾ

ܒܪ ܐܠܗܐ ܕܢܚܬ ܘܫܪܐ ܡܢ ܒܬܪ ܐܢܫܐ ܀
ܘܐܣܩܗ ܠܐܡܗ ܘܥܡܗ ܘܐܘܪܒܗ ܥܡ ܡܠܐܟܐ .
ܐܬܬܐ ܕܝܠܗ ܒܫܡܝܐ ܠܒܪܝܬܐ ܕܠܐ ܗܘܐ ܕܢܫܐ ܀
ܘܡܠܟܬܐ ܠܒܪܝܬܐ ܗܘܬ ܡܠܟܬܐ ܢܫܐ ❖

ܡܪܝܐ ܘܦܪܘܩܢ ܟܠܐ ܐܕܢ̈ܝ ܠܡܫܡܥܟܝ :
ܢܦܩ ܠܐܡܗ ܥܡ ܢܦܠ ܚܒܝܒܗ ܠܡܫܡܥܟܝ .
ܐܡܐ ܘܒܬܘܠܬܐ ܟܢܫܐ ܢܒܝ̈ܐ ܘܫܠܝ̈ܚܐ ܥܡܗ :
ܡܪܬܢ ܟܠ ܢܬܟܫܦܘܢ ܥܡ ܟܠܐ ܠܒܢܗ ❖

ഏതൊരു മാനവപുത്രിയിൽ നിന്നും താൻ ജഡമാർന്നു,
ദൈവസുതൻ പരമവളെപ്പുറിചൊടു ബഹുമാനിച്ചു.
ദൈവത്തിനു ജഡമേകിയ മഹിളാ ജനമാണിക്യം
സർവ്വരെയും വെന്നത്യുന്നതമാം ദിവ്യതയാർന്നാൾ.

ലോകപിതാക്കളെ ബഹുമാനിപ്പാനോതിയ നാഥൻ
തന്മാതാവിനെയുടലൊടു കൈയ്യേൊണ്ടാദരവോടെ
പാതകികൾക്കായ് യാചിക്കണമേ നിർമ്മല ജനനീ!
ഞങ്ങടെ കെടുതികൾ നീങ്ങീടട്ടെ നിൻ പ്രാർത്ഥനയാൽ.

സ്ലീബാപ്പെരുന്നാൾ

ܨܠܝܒܐ ܚܝܐ ܕܡܫܝܚܐ ܗܘܐ ܒܪܝܟܐ ܥܡ ܢܘܗܪܐ :
ܒܗ ܡܫܒܚܝܢ ܠܐܒܐ ܘܠܒܪܐ ܥܡ ܪܘܚܐ .
ܨܠܝܒܐ ܘܡܪܢ ܐܬܩܛܠ ܒܫܡܫܐ ܡܪܝܐ ܡܠܟܐ :
ܒܠܒܗ ܡܫܡܠܝܢ ܢܦܫܬܐ ܐܝܠܝܢ ܒܫܡܝܐ ܡܠܟܐ ❖

ܡܪܝܐ ܐܦܝܟ ܘܦܪܘܩ ܠܥܠܡܐ ܒܡܪܝܡ ܢܘܗܪܐ :
ܗܘ ܟܠܢ ܠܢܫܐ ܕܠܒܗ ܥܡ ܒܠܒܪܐ .
ܗܘ ܢܣܒ ܠܦܓܪܢ ܨܠܝܒܐ ܒܠܫܐ ܘܙܘܐ :
ܢܗܘܐ ܚܝܐ ܘܫܠܡܐ ܠܥܠܡܐ ܒܡܪܝܡ ܢܘܗܪܐ ❖

യൂദന്മാർ പടുകുഴിയിൽ പൂഴ്ത്തിയ ജീവസ്ലീബാ
ഹേലനി രാജ്ഞി മഹോത്സാഹത്താൽ കണ്ടു പിടിച്ചു.
സ്പർശന മാത്രയിലൊരു മൃതനുയിരാർന്നതു കണ്ടപ്പോൾ
കർത്താവിൻ കുരിശെന്നാർത്തു ജനം ബഹുമാനിച്ചു.

വിലസും കുരിശാലുലകിനു രക്ഷണമരുളിയ നാഥാ!
പകയരിൽ നിന്നും ഞങ്ങളെ നിർത്തുക കുരിശിൻ കീഴിൽ
അതിനാലങ്ങുചമച്ചൊരു രക്ഷാകവചം നേടാൻ
യോഗ്യത ഞങ്ങൾക്കരുളണമനിശം ദേവകുമാരാ!

പൊതുവായത്

ܘܕܟܝܪܝܢ ܠܟ ܡܪܢ ܐܒܗ̈ܬܐ ܟܐܢܐ ܢܟܦܐ :
ܘܫܠܝ̈ܚܐ ܘܡܟܪ̈ܙܢܐ ܘܣܗ̈ܕܐ ܙܟܝ̈ܐ ܗܢܐ ܡܢ ܫܘܒܚܐ .
ܐܡܗ ܕܡܪܢ ܒܬܘܠܬܐ ܩܕܝ̈ܫܬܐ ܘܡܗܝܡܢܬܐ ܘܟܢܫܐ :
ܘܡܫܒܚܬܐ ܥܡ ܟܠܗ ܥܕܬܐ ܩܕܝܫܬܐ ܕܡܫܝܚܐ ❖

ܕܒܢܘ ܠܟ ܡܪܢ ܒܫܪܪܐ ܗܝܡܢܘܬܐ ܘܒܨܠܘܬܗܘܢ :
ܢܐܠܦ ܟܠܢ ܢܥܒܕ ܕܘܟܪܢܐ ܒܥܕܢܝܗܘܢ .
ܥܡ ܟܠ ܩܕܝܫܘܗܝ ܘܢܛܪܝܢ ܦܘܩܕܢܝܟ ܡܪܢ :
ܘܐܟܚܕܐ ܥܡܗܘܢ ܢܫܒܚ ܠܟ ܒܟܠ ܙܒܢ ❖

ഉലകിതിലിന്നാളം വന്നോരും നിര്യാതരുമാം
പുണ്യപിതാക്കളെയോർക്കുന്നിവരീ ബലിയിൽ പരനേ!
നിബിയർ ശ്ലീഹർ സുവിശേഷകരേ! സഹദേന്മാരെ!
വിമലകളൊപ്പം വിമലന്മാരെയുമോർക്കുന്നിപ്പോൾ.

നിന്നുടെ പ്രീതിയ്ക്കർഹന്മാർ തൻ ജീവിതസുകൃതം
ഞങ്ങൾക്കെന്നും മാതൃകയാകാൻ തുണചെയ്യണമേ
ഞങ്ങളെയോർത്തവർ ചെയ്യും യാചന കേട്ടീടണമേ
അതിനാലിവരുടെ പിഴകൾ നീക്കീട്ടേകുക മുക്തി.

പൊതുവായത്

ܢܬܕܟܪ ܡܪܝܐ ܒܥܕܢܐ ܕܒܢܝܐ ܕܡܥܡܘܕܝܬܐ :
ܦܓܪܐ ܕܩܕܝܫܐ ܐܬܩܕܫܘ ܡܢ ܩܘܕܫܐ .
ܠܟܠܗܘܢ ܗܘܐ ܦܬܓܡܝܢ ܒܣܒܪܐ ܗܢܐ :
ܦܓܪܐ ܕܐܟܠܝܢ ܚܝܘ ܠܡܪܝܐ ܒܬܘܕܝܬܐ ❖

ܬܐܢܐ ܒܟܠܗܘܢ ܘܥܡܗܘܢ ܕܠܥܠܡ ܗܘ ܢܩܘܡܘܢ :
ܥܡܗܘܢ ܩܘܡܘ ܢܚܒܪ ܢܩܘܡ ܠܐ ܒܩܘܡܬܐ .
ܦܬܓܡܝܢ ܗܘܐ ܡܢ ܐܝܬܝܗܘܢ ܒܣܒܪܐ ܗܢܐ :
ܒܪܘܚܗܘܢ ܢܬܢܚܘܢ ܒܗ ܬܠܐ ܒܩܘܡܬܐ ❖

ദൈവജനിത്രീ! നിബിയർ ശ്ലീഹർ സുവിശേഷകരേ!
സഹദേന്മാരേ! പുണ്യപിതാക്കളേ വ്രത തൽപരരേ
പാവന ബലിയതിലിപ്പോൾ നിങ്ങളെയോർക്കുന്നോങ്ങൾ
തിരുസന്നിധിയിൽ പ്രാർത്ഥിച്ചിടുവിൻ ഞങ്ങൾക്കായി–

നശ്വരലോകപരനേ നിന്നെ പ്രീണിപ്പിച്ചും
ശാശ്വതമാം നിൻ പ്രീതിയെ നേടിയ പുണ്യാത്മാക്കൾ
സകലരെയും താനോർക്കുന്നിപ്പോൾ തിരുസന്നിധിയിൽ
അവരുടെ പ്രാർത്ഥന ഞങ്ങൾക്കെന്നും തുണയാകണമേ.

ദൈവമാതാവിൻെറ ഓർമ്മ

ܒܬܘܠܬܐ ܘܩܕܝܫܬܐ ܕܡܢ ܫܘܪܝܗ̇ ܓܒܝܬܐ ܗܘܬ܆
ܘܥܠܝܗ̇ ܐܘܕܥܘ ܢܒܝ̈ܐ ܘܙܕܝ̈ܩܐ ܒܪܘܚܐ ܕܩܘܕܫܐ.
ܘܐܬܓܠܝܬ ܥܠ ܐܒܗ̈ܬܐ ܒܗ ܒܙܒܢܐ ܕܚܪܬܐ܆
ܒܬܘܠܬܐ ܢܨܝܚܬܐ ܝܠܕܬ ܠܡܠܬܐ ܕܐܝܬܘܗܝ ܡܢ ܐܒܐ ❖

ܒܨܠܘܬܗ̇ ܕܡܪܝܡ ܒܬܘܠܬܐ ܐܡܐ ܕܝܠܕܬܟ ܡܪܢ܆
ܟܠܗܝܢ ܥܠܠܢ ܢܥܒܪܢ ܘܢܫܬܒܩܢ ܚܘܒ̈ܝܢ.
ܘܢܫܠܡ ܥܢܝܢ ܠܟܠܗ ܘܒܥܕܬܟ ܫܝܢܐ܆
ܐܫܪܐ ܫܠܡܐ ܘܫܝܢܐ ܒܥܕܬܟ ܩܕܝܫܬܐ ❖

നിർമ്മല കന്യകയാരംഭം മുതൽ നിയമിതയല്ലോ
സിദ്ധന്മാരാം നിബിയന്മാരാൽ സൂചിതതന്നെ
വരദമ്പതികൾക്കവളന്ത്യ ദിനം ജാതയുമായാൾ
ഉത്തമ കന്യക പെററാളാദിമ വചനാത്മജനെ

നിന്മാതാവാം കന്യകമറിയാം തൻ യാചനയാൽ
ഞങ്ങളിലുളവാം ബാധാപീഡകൾ പോക്കുക പരനേ!
ആത്മക്കറയാം പാപാധർമ്മം മോചിക്കണമേ
പാവന സഭയിൽ ശാശ്വത ശാന്തി വസിപ്പിക്കണമേ.

ദൈവമാതാവിൻെറ ഓർമ്മ

ܛܘܒܐ ܠܟܝ ܡܪܝܡ ܕܝܠܕܬܝ ܠܡܫܝܚܐ ܘܦܪܩܢܐ܆
ܘܠܟ ܗܘ ܒܢܝܐ ܠܟܠܗܘܢ ܫܒܚܐ ܘܬܘܕܝܬܐ.
ܘܢܘܗܪܐ ܕܢܚ ܡܢܟܝ ܘܐܢܗܪ ܠܥܠܡܐ ܟܠܗ܆
ܐܠܗܐ ܕܐܬܐ ܒܦܓܪܐ ܘܦܪܩ ܠܒܪܢܫܐ ❖

ܐܡܐ ܕܡܠܟܐ܇ ܘܡܪܘܬ܇ ܡܠܠܬܐ ܒܪܬܐ ܟܠܐ ܀
ܡܫܒܚܝܢ ܠܟܝ ܡܫܒܚܢܘܬܐ ܠܟܝ ܓܘܕܐ .
ܐܦܝܣ ܡܢܟܝ ܕܢܫܘܩ ܒܢܝܐ ܠܡܪܐ ܟܠܐ ܀
ܘܢܦܪܘܩ ܠܢ ܒܝܕ ܐܘܪܥܬܗ ܡܢ ܕܝܢܐ ❖

ഒന്നാം ഹാവാ തന്നയിർ രണ്ടാം ഹാവാ നൽകി
പാമ്പിൻ മൗലിചതയ്ക്കാൻ നിയമിത ശിശുവെപ്പെററാൾ
വചനേശ്വരനൊരു ഭൗതിക തനുവതു ദാനം ചെയ്താൾ
സുതകർമ്മങ്ങൾക്കിവളൊരു മദ്ധ്യസ്ഥിതയായ്നിന്നാൾ.

ആദിമവചനാത്മജനെപ്പെററവളത്തിയൊരമ്മേ'
മാദ്ധ്യസ്ഥത്തിനു നിന്നീടണമേ തിരുസന്നിധിയിൽ
ദോഷത്തിൽ നിന്നീയേഴകളെത്തൻ കൃപമൂലം
രക്ഷിച്ചീടാൻ മകനൊടു ജനനീ പ്രാർത്ഥിക്കണമേ.

പരിശുദ്ധൻമാരുടെ ഓർമ്മ

ܐܘܢܐ ܡܢ ܕܘܟܪܢܗ ܕܩܕܝܫܐ ܡܒܪܟܝܢ ܀
ܢܒܝܐ ܕܫܠܝܚܐ ܗܢܘܢ ܕܡܠܐ ܗܘܐ ܒܗܝܢܐ ܡܒܪܟܝܢ .
ܣܗܕܐ ܕܡܝܬܘ ܡܛܠ ܡܪܗܘܢ ܕܠܐ ܡܠܟܘܬܗ ܘܡܣܒܪܢܐ ܕܡܫܬܒܚܝܢ ܀
ܢܦܫܐ ܕܠܘܬ ܠܐ ܢܗܘܐ ܘܬܘܒ ܕܘܟܪܢܗܘܢ ❖

ܟܠܢܐ ܩܕܝܫܐ ܕܢܦܩܘ ܡܢ ܥܠܡܐ ܘܐܘܪܚ ܒܫܠܡ ܀
ܡܠܟܐ ܕܫܡܝܐ ܒܒܝܬܗ ܕܢܚܐ ܘܢܫܠܝ ܘܐܘܪܚ .
ܘܒܝܬܐ ܕܠܗ ܠܫܡܝܐ ܘܢܠܟܘ ܟܠܢ ܀
ܡܫܒܚܝܢ ܠܗ ܒܝܕ ܢܦܫܬܐ ܘܒܪܟܝܢ ܠܫܡܗ ❖

സകലേശാ' നിൻ സത്യപ്രിയരാം പുണ്യപിതാക്കൾ
ഞങ്ങടെ പേർക്കായ് യാചിക്കുന്നു നിന്തിരു മുമ്പിൽ
കൃപയോടിവരുടെ മാദ്ധ്യസ്ഥം നീ കൈക്കൊള്ളണമേ
കൽപ്പന വിട്ടോരു പാപികളിവരിൽ ദയചെയ്യണമേ.

നിന്തിരുവഴിയിൽ ചേർന്നു നടന്നൊരു പരിശുദ്ധന്മാർ
ധ്യാനം പ്രാർത്ഥനയത്നം നോമ്പിവ ചെയ്യുക മൂലം
വിജയികളായി ശ്രേഷ്ഠതപൂണ്ടു നിന്തിരു മുമ്പിൽ
ശിക്ഷകൾ പോക്കി ശ്രീയരുളണമേ ഞങ്ങൾക്കവരാൽ

സഹദേൻമാരുടെ ഓർമ്മ

ܣܗܕ̈ܐ ܕܐܬܟܠܠܘ ܒܬܫܢܝܩܐ ܘܫܒܚܘ ܠܡܪܝܐ ܕܓܒܐ :
ܘܙܟܘ ܠܣܛܢܐ ܒܚܝܠܐ ܘܟܠܝܠܐ ܫܩܠܘ ܢܨܚܢܐ .
ܠܐ ܐܬܪܦܝܘ ܒܢܦܫܗܘܢ ܟܕ ܡܫܬܢܩܝܢ ܘܠܐ ܒܥܡܠܗܘܢ :
ܘܢܦܩܘ ܠܩܪܒܐ ܠܘܩܒܠ ܫܘܢܐܐ ܘܐܬܥܛܦܘ ܙܝܢܐ ❖

ܣܗܕ̈ܐ ܫܒܝܚܐ ܐܢܬܘܢ ܒܢܝܗ ܕܟܠܗ ܥܕܬܐ :
ܘܡܚܝܒܝ ܒܟܠܗ ܥܠܡܐ ܗܘܐ ܘܣܒܪܬܟܘܢ ܠܟܠܗ ܒܪܝܬܐ .
ܐܬܬܟܠܘ ܥܠ ܡܪܟܘܢ ܘܠܗ ܚܒܫܘ ܒܩܘܒܠܟܘܢ ܣܓܝܐܐ :
ܒܥܠܬܟܘܢ ܢܗܘܐ ܫܝܢܐ ܘܫܠܡܐ ܒܒܪܝܬܐ ❖

കുരിശിൻ സ്നേഹമതാകും വീഞ്ഞിൻ ലഹരിയിലാണ്ടോർ
സഹദേരേററം ദാരുണദണ്ഡന പീഡാദികളെ
ഖലരൊടു പോരവർ തളരാതാടി പ്രബലതനേടി
പീഡകളേററിയ ദുഷ്ടജനത്തെയവരിഹവെന്നു.

അടരതിലത്തുത വിജയശ്രീയും വാനിൽ മുടിയും
പ്രഭയും സ്തുതിയും പ്രാപിച്ചോരാം സഹദേന്മാരേ!
ദൈവിക കൃപയിന്നിവരിൽ ചൊരിയാൻ പ്രാർത്ഥിച്ചിടുവിൻ
മംഗളശാന്തികളെന്നും സഭയിൽ വാണീടണമേ.

താപസൻമാരുടെ ഓർമ്മ

ܢܘܗܪ̈ܐ ܕܢܚ̈ܬܐ ܘܗܦܟܘ ܠܐܘܪܚܐ ܕܫܡܝܐ ܡܠܟܐ :
ܘܐܝܟ ܡܠܐܟ̈ܐ ܒܐܪܥܐ ܗܘܘ ܒܒܣܝܡܘܬܐ ܕܚܘܒܐ ܘܫܪܪܐ .
ܘܩܕܫܘ ܢܦܫܗܘܢ ܒܨܘܡܐ ܘܒܨܠܘܬܐ ܕܠܐ ܫܠܝܐ :
ܘܡܛܠ ܗܢܐ ܗܘܐ ܡܫܬܒܚܝܢ ܒܥܠܡܐ ܕܠܐ ܡܫܬܪܐ ܀

ܐܒܗ̈ܬܐ ܘܡܫܡܫ̈ܢܐ ܢܗܝܪ̈ܐ ܕܟܗ̈ܢܘܬܐ :
ܦܪܫܘ ܠܗܘܢ ܥܡܪܐ ܒܡܕܒܪ̈ܐ ܘܒܛܘܪ̈ܐ .
ܘܒܠܥܘ ܒܥܘܠܝܐ ܢܗܝܪ̈ܐ ܕܟܗ̈ܢܘܬܐ :
ܘܡܫܡܫܢܘܬܗܘܢ ܐܝܟ ܢܘܗܪܐ ܕܠܐ ܥܒܪ ܀

കരിംശൊട്ട നിന്നൊപ്പിൻ പററിയൊരത്താപസ വീരർ
നിന്നുടെ നുകമതു തോളിലെടുത്തും നിൻ വഴി പോയോർ
ആത്മബലത്താൽ ദുഷ്ടാത്മാവോടുള്ളൊരു പോരിൽ
വിജയം നേടിപ്പറദീസായിൽ പരിതോഷിപ്പൂ.

ഉഗ്രതപസ്സോടു പ്രാർത്ഥന നോമ്പുകൾ കഷ്ടപ്പാടും
കൈക്കൊണ്ടൈഹിക സൗഖ്യം വിട്ടോരു താതന്മാരേ!
ജഡമോഹങ്ങളിലാണ്ടൊരിവർക്കായ് യാചിച്ചിടുവിൻ
അതിനാൽ ഞങ്ങൾക്കുളവാകണമേ നിർവൃതി വാനിൽ.

ഒരു ശ്ലീഹായുടെ ഓർമ്മ

ܫܠܝܚܐ ܕܒܪܐ ܠܟܪܘܙܘܬܐ ܕܣܒܪܬܐ ܘܫܠܚܗ ܡܪܢ :
ܬܘܕܝܬܐ ܒܪܚܡܝܢ ܗܘܐ ܥܡܗ ܡܪܢ .
ܗܘܐ ܫܠܝܚܐ ܘܐܬܪܐ ܒܫܘܠܡܐ ܠܓܘܪܐ ܘܡܪܢ :
ܗܘ ܬܫܒܘܚܬܐ ܒܪܘܝܐ ܢܗܘܐ ܘܫܠܡܐ ܡܪܢ ❖

ܫܠܝܚܐ ܡܫܝܚܐ ܘܟܪܘܙ ܫܠܡܘܬܗ ܒܟܠ ܐܪܥܬܐ :
ܐܒܗܝܢ ܠܡܫܝܚ ܘܚܕܝ ܒܟܠܗܘܢ ܟܠ ܥܕܬܐ .
ܒܫܘܒܚܘܬܗ ܕܠܡܐ ܘܟܪܬܐ ܒܐܬܡܘܬܐ :
ܢܫܡܠܘܢ ܡܘܕܝܢ ܘܡܫܒܚܝܢ ܟܠ ܥܕܬܐ ❖

രക്ഷാകരഭൂതുലകിനു നൽകാൻ വിളിയേറ്റോനാം
...........ശ്ലീഹാവന്ദ്യനെയോർക്കുന്നിപ്പൊഴുതെങ്ങൾ
സഭയാം വയലിൽ പലതരകൃഷികൾ ചെയ്തീശ്ലീഹാ
പരനേ! തവമണിയറയതിലിന്നും സുഖമൊടു പാർപ്പൂ.

ദൈവഹിതം പരിപാലിച്ചോനാം പുണ്യശ്ലീഹാ
പരനുടെ കൃപയീദാസരിലേകാൻ പ്രാർത്ഥിക്കണമേ
നിൻ പ്രാർത്ഥനയാലുലകും സഭയും ശ്രീയുതമാകും
ആത്മശരീരസ്തുതിയനുനിമിഷം ഘോഷിച്ചീടും.

ഒരു സഹദായുടെ ഓർമ്മ

(ܩܘܠ) ܗܘܐ ܣܗܕܐ ܕܡܫܝܚܐ ܡܪܝܐ :
ܒܗܝܡܢܘܬܐ ܫܪܝܪܬܐ ܕܐܚܝܕܐ ܘܡܫܝܚܐ ܡܪܝܐ .
ܒܐܠܗܐ ܫܪܝܐ ܢܦܫܗ ܠܗ ܡܫܝܚܐ :
ܢܚܘܐ ܡܪܝܐ ܘܫܘܒܚܐ ܠܫܡܗ ܘܐܘܕܝ ܡܪܝܐ ❖

ܗܫܐ ܕܝܢ ܗܦܟܬܘܢ ܘܥܠܬܘܢ ܠܢܝܚܐ܆
ܘܒܢܝ̈ ܒܗ ܠܒܝܬ ܥܠ ܐܒܗ̈ܝܗܘܢ ܘܠܒܫܬܘܢ ܟܠܝܠܐ܀
ܐܝܟ ܕܐܡܪ ܒܗ ܡܪܢ ܢܗܘܘܢ ܥܠ ܡܥܡܪܐ܆
ܕܒܢ̈ܝܗܘܢ ܦܐܝ ܥܕܢܐ ܕܠܐ ܦܫܪܐ ܟܠܝܠܐ ❖

വിശ്വാസം പരിപാലിച്ചീടാൻ പീഡകളേററാൻ
...............സഹദായെ സ്മൃതി ചെയ്യുന്നോങ്ങൾ
ഇവരുടെ പ്രാർത്ഥനയമ്പൊടു കേട്ടിട്ടകമലിയണമേ
ഞങ്ങൾക്കേകീടണമേ പാപവിമോചന പുണ്യം.

ദൃഢവിശ്വാസം കാത്തതി പീഡകളേററൊരു സഹദാ
വിണ്ണിലെ മണിയറയതിനകമവിടുന്നാമോദിപ്പൂ
നീതി കിരീടം നീ നേടിയതോർത്തീടുന്നോങ്ങൾ
ഞങ്ങളുമതുപോൽ ജീവിതവിജയം നേടീടണമേ.

മാർ കുറിയാക്കോസ് സഹദായുടെയും
മൊർത്ത് യൂലീത്തിയുടേയും ഓർമ്മ

ܛܘܒܝܟ ܩܘܪܝܩܘܣ ܥܠ ܕܦܠܚܬ ܗܫܐ ܒܬܪܝܢܐ܆
ܡܛܠ ܫܡܫܝܐ ܐܬܒܚܪܬ ܗܘܘ ܐܪܝܢܐ ܡܟܝܟܐ܀
ܐܒܗ̈ܝܟ ܗܘܘ ܠܒܢܝܟ ܛܘܒܝ ܛܠ ܢܦܫܗܘܢ܆
ܘܐܬܛܒܪܬ ܗܘܘ ܐܝܟ ܒܘܪܟܐ ܦܝܠ ܒܪܘܚܗܘܢ ❖

ܗܫܐ ܒܬܪܝܢܐ ܒܪܐ ܥܠ ܐܦܗ ܘܢܦܫܗ ܒܟܠܗ܆
ܘܐܬܦܠܣ ܓܒܪ ܒܦܘܪܐ ܡܫܡܫܢܐ ܘܒܢܐ ܡܠܟܐ܀
ܐܦܫܘ ܠܒܫ ܘܠܐ ܓܘܪܐ ܢܦܫ ܫܘܬܐ܆
ܛܘܒܐ ܠܦܠܓܝ ܒܦܫܘܗܘܢ ܛܠ ܦܪܓܐ ܘܫܘܬܐ ❖

മശിഹായെ പ്രതിയാട്ടകം പോലെ സമർപ്പിതരായി
സഹദാവാദാം കുറിയാക്കോസും നിജമാതാവും
ഉയിരിലുമധികം സകലാധിപനിൽ സ്നേഹം വച്ചോർ
ബലിയായി സ്വയമിരുവരുമുടയോൻ തൻ തിരുമുമ്പിൽ.

മശിഹായാം മഹിതാചാര്യന്നു സമർപ്പിതരായി
മകുടം നേടിയ ജനനി സുതരാം സഹദാമാരേ!
ഞങ്ങളജസ്രം നന്മയിൽ വളരാൻ പ്രാർത്ഥിക്കണമേ
ഉടയോനതിനാൽ ദീനത നീക്കി കാത്തരുളട്ടെ.

മാർ ഗീവറുഗീസ് സഹദായുടെ ഓർമ്മ

ܡܪܝ ܓܝܘܪܓܝܣ ܒܦܬܓܡܘܗܝ ܐܘܠܦܢܐ ܕܠܒܝܫܘܬ ܢܘܪܐ :
ܐܬܟܠܠ ܗܘܐ ܒܟܠܝܠܐ ܕܢܨܚܐ ܡܠܟܐ ܡܫܝܚܐ .
ܗܫܐ ܠܡܬܒܥܐ ܒܥܝܢ ܐܢܬ ܒܨܠܘܬܐ ܕܠܡܫܝܚܐ :
ܕܢܬܪܚܡ ܥܠܝܢ ܡܢ ܢܨܚܐ ܘܡܪܚܡܢܐ ❖

ܗܫܐ ܕܩܠܐ ܩܕܡ ܡܠܟܐ ܡܪܢ ܡܫܝܚܐ :
ܠܗ ܕܐܬܩܛܠ ܒܚܘܒܗ ܕܠܗܐ ܡܫܝܚܐ ܥܡܪܐ .
ܐܬܒܥܐ ܕܢܬܠ ܚܘܒܢ ܕܐܘܡ ܒܗܘܢ ܢܘܪܐ :
ܢܗܘܐ ܚܝܐ ܠܢ ܒܨܠܘܬܟ ܢܦܫܢ ܠܥܠܡ ❖

മേടം നാലോടിരുപതു തന്നിൽ മാർ ഗീവറുഗീസ്
മശിഹായെ പ്രതി വീറൊടു പീഡാ മകുടം ചൂടി
സഹദാ ഞങ്ങടെ ദുഷ്ക്കാലമിതിൽ പ്രാർത്ഥിക്കണമേ
ചരിതം താതാ! ദുരിതം ദൂരിതമായിടണമേ.

മാനവ പാപം പരിഹൃതമാവാൻ വധമേററാനാം
യേശുവിനെ പ്രതിനിർദ്ദയ ദണ്ഡനമേററൊരു സഹദാ
മേടത്തിൽ നിൻ സ്മൃതി ചെയ്‌വോരേയോർത്തിടണമേ
നിൻ യാചനയാൽ ചേരണമിവരിൽ ശമവും സുഖവും.

ഒരു പരിശുദ്ധന്റെ ഓർമ്മ

ܛܘܒܝܟ (ܩܕܝܫ) ܘܫܡܫܬ ܢܡܘܣܐ ܐܠܗܐ ܘܢܛܪܬ :
ܘܒܟܠ ܙܒܢ ܚܝܐ ܠܡܫܝܚܐ ܠܒܝܬ ܢܘܚܐ .
ܫܠܡܬ ܘܐܬܬܢܝܚܬ ܫܠܡܐ ܕܡܫܝܚܐ ܐܢܬ ܘܫܡܥܬ :
ܠܡܪܢ ܘܒܥܐ ܗܫܐ ܕܢܬܪܚܡ ܥܠܝܢ ܒܕܝܢܐ ❖

ܐܢ (ܩܕܝܫ) ܘܡܘܫܐ ܐܬܩܪܝ ܠܡܫܠܡܢܘܬܐ ܘܩܕܫܐ :
ܘܛܘܒܝܟ ܕܒܫܡܝܐ ܗܘܐ ܠܡܫܝܚܐ ܫܡܐ .
ܐܦܢܐ ܢܦܫܟ ܠܘ ܒܥܘܬܐ ܠܡܫܝܚܐ ܒܚܕܘܬܐ :
ܢܗܘܐ ܠܟܠܢ ܢܘܗܪܐ ܢܩܕܐ ܘܚܘܒܐ ܘܫܠܡܐ ❖

നശ്വര വിശ്വമശേഷം വിട്ടോൻ ശാശ്വത ലോകം
നേടാൻ പരന്റെ ഹിതമതു കാത്തൊരു...........
ഓട്ടം ചേലോടവസാനിപ്പിച്ചിന്നേറിക ദുരിതം
വിട്ടുയരത്തിൽ പരന്റെ സവിധേ മരുവീടുന്നു.

ദൈവിക രാജ്യത്തണയാൻ മാർഗ്ഗം തെളിയിച്ചവനാം
...........ഓർക്കുന്നിവർ നിൻ പാവന ചരിതം
മംഗളമിവരിൽ പരനരുളീടാൻ പ്രാർത്ഥിക്കണമേ
പാപവിമോചന ഭാവുകമെങ്ങൾക്കുളവാകണമേ.

ഒരു മേൽപ്പട്ടക്കാരന്റെ ഓർമ്മ

ܪܥܝܐ ܘܟܗܢܐ ܗܘ ܕܐܬܪܥܝ ܘܡܫܚ ܢܦܫܗ :
ܛܘܒܘܗܝ ܢܦܫܗ ܕܚܝܐ ܘܗܘܐ ܘܠܒܫܐ ܕܝܪܬܗ .
ܛܘܒ (ܩܕܝܫ) ܘܡܫܡܫ ܒܫܪܝܪ ܘܢܛܪ ܢܦܫܗ :
ܘܠܡܠܟܘܬܐ ܠܡܫܝܚ ܠܘ ܡܫܒܚܐ ܗܘ ܘܐܝܩܪܗ ❖

ܟ̇ܠ ܟܗ̈ܢܘܗܝ ܘܪ̈ܘܡܐ ܐܠܦܝܢ ܒܥܠܡܐ ܗ̇ܢܐ :
ܐܠܗܘܗܝ ܒܚܕܘܬܐ ܫܘ ܗܘ ܘܒܪܢܫܐ ܐܬܥܒܕܐ .
ܘܟܗܢܐ ܗܢܐ ܒܫܪܬܐ ܕܚܕܠܠ ܠܟ ܟ̇ܠ ܠܘܬܐ :
ܬܕܟܪ ܒܡܘܗܒܬܟ ܒܢܝܢ ܕܒܥܠ ܠܥܠܡ ܐܡܝܢ ❖

ഉലകിൻ പാപം പോക്കാൻ സ്വയമേ ബലിയായ്ത്തീർന്നു
മാനുഷനന്ദനനായോരുടയോൻ ശ്രേഷ്ഠാചാര്യാ!
സഭയെ സേവിച്ചജപാലകനായുലകം വിട്ടോൻ
............ഓർക്കണമേ നിൻ വാനവ ബലിയിൽ.

താതപുരോഹിതനിവിടുണ്ടായൊരു കുറവുകളെല്ലാം
തുടരും നിന്നുടെ ബലിയിൻ കൃപയാൽ മാഞ്ഞീടണമേ
ആടുകളൊത്തിപ്പാലകനന്ത്യം വാനവരോഹേ
പുണ്യഗണത്തിൽ തിരുസന്നിധിയിൽ മോദിക്കണമേ.

ഒരു പട്ടക്കാരന്റെ ഓർമ്മ

ܒܗܢܐ ܕܐܬܟܠܡܬ ܒܝܘܡܐ ܘܒܢܝܢܐ ܘܫܒܚܬܢܐ :
ܘܐܝܟ ܕܒܥܠܡܐ ܩܕܡ ܕܫܡܫܘܢ ܘܫܒܚܝܢ .
ܐ ܐܬܕܟܪ ܒܙܒܢܐ ܘܫܠܡܐ ܘܒܫܡܫܬܢ :
ܗܘ ܡܢܗ ܠܢܗܘܢ ܘܐܬܬܪܫ ܠܢܣܘܗܝ ܐܘ ܥܢܢ ❖

ܡܪܝܐ ܢܦܫܐ ܢܦܫܗ ܘܡܢܚܬܐ ܘܗܕܪ ܗܘܐ :
ܒܥܠܡܐ ܘܝܠܗ ܕܠܐ ܢܠܘܡܘܢ ܡܢܟ ܫܘܒܚܐ .
ܕܟ ܟ̇ܠ ܟܗܢܐ ܢܦܫܐ ܥܒܕܐ ܐܚܪܐ ܠܗܢܐ :
ܠܟܠܐ ܒܡܥܒܕܐ ܒܝܬܗ ܢܨܘܪ ܘܡܚܝܢܐ ❖

ബലിയോടജഗണപാലനമതിനായ്‌ വിളികൊണ്ടോനും
ഭുവനസമുദ്രത്തിരമാലകളിൽ നടകൊണ്ടോനും
മനസാവാചാ കൃതിയാൽ ചെറുതാം കുറവുള്ളോനും
സവിധമണഞ്ഞോനതിനാലിവനിൽ കൃപ ചെയ്യണമേ.

പാനമന്മാരിൽ പാഴ്‌ചെളിതേയ്ക്കും പാതകലോകേ
വൈദികനിവനിൽ പററിയ കുററം പോക്കീടണമേ
നിർമ്മല വൈദിക നിവഹം തന്നിൽ ചേർക്കണമിവനെ
മാനസകൃപയൊടു മോദമെഴും നിൻ മണിയറതന്നിൽ.

ഒരു ശെമ്മാശ്ശൻെറ ഓർമ്മ

ܡܪܝܐ ܕܐܓܒܝܬ ܒܪܚܡܐ ܐܘܕܐ ܠܡܫܡܫܢܘܬܐ :
ܐܢܫܐ ܕܐܓܒܝܬ ܒܫܘܡܫܟ ܗܘܠܢܐ ܠܡܫܡܫܢܐ .
ܡܫܡܫܢܟ ܗܢܐ ܕܫܡܫܟ ܘܥܠ ܩܘܕܫܐ :
ܠܡܫܡܫܢܐ ܕܫܡܝܐ ܒܪܚܡܝܟ ܐܝܟ ܡܪܚܡܢܐ ❖

ܐܢܬ ܡܪܢ ܗܘ ܠܡܚܣܢ ܡܪܝܐ ܬܠܬܝܗܘܢ ܡܫܡܫܢܘܗܝ :
ܘܐܠܗܐ ܗܘ ܒܗ ܕܐܝܢܐ ܕܡܫܡܫܢܐ ܘܢܛܪܘܗܝ .
ܒܫܡܝܐ ܘܐܪܥܐ ܘܐܬܝܗܒܬ ܫܠܡܐ ܡܪܝܐ ܒܟܘܠܗܘܢ :
ܘܥܠ ܐܦ ܗܠܝܢ ܐܝܟ ܒܥܝܢ ܒܪܚܡܘܗܝ ❖

വിണ്ണിൻ ദേവാലയമതിലാത്മിക ശുശ്രൂഷകർ പോൽ
മണ്ണിൻ ദേവാലയമതിൽ മർത്ത്യരെയാക്കിയ ദേവാ'
നിന്നുടെ ഭവനേ ശുശ്രൂഷിച്ചോരു ശുശ്രൂഷകനെ
നിൻബലിയാകുന്നിക്കുർബാനയിലോർക്കണമെങ്ങും

ഐഹികജീവിതകാലത്തിവനിൽ പററിയ കറകൾ
സർവ്വം മായിച്ചിവനേകണമേ പാവന ശാന്തി
സ്റ്റേപ്പാനോസിൻ ഗണമതിലിവനെ ചേർക്കുക നാഥാ!
മോദമെഴും നൽമണിയറവാസം നൽകണമിവനും.

വിശ്വാസിയായ പരേതന്റെ ഓർമ്മ

ܠܥܒܕܟ ܕܐܬܢܝܚ ܒܣܒܪܐ ܕܩܝܡܬܐ ܐܘܫܛ ܠܗ ܢܝܚܬܐ :
ܘܥܒܕ ܠܥܠܡܐ ܢܦܫܐ ܘܢܘܗܪܐ ܘܠܟܢ ܢܝܚܬܐ .
ܫܪܝܐ ܒܗ ܠܗ ܚܝܝܢܬܐ ܘܢܦܫܗ ܡܫܬܘܐܢܬܐ :
ܘܥܡ ܠܨܐ ܕܝܡܝܢܐ ܢܫܬܘܐ ܒܡܠܟܘܬܐ ❖

ܢܚܘܪܐ ܘܢܘܗܪܐ ܘܡܥܕܪ ܢܦܫܗ ܒܥܠܡܐ ܘܥܕܐ :
ܐܫܝܢ ܘܐܒܕܪ ܒܫܡܐ ܘܢܦܫܗ ܐܘ ܡܫܝܚܐ .
ܒܦܫܝܚܘܬܗ ܫܪܝ ܒܐܝ ܢܘܪܐ ܘܐܫܝܢܬܐ :
ܒܢܝܚܐ ܘܥܕܐ ܘܒܚܝܘ ܚܝܐ ܘܠܗܘܐ ❖

ܦܐܦത്താലീ നരരിൽ ചേർന്നൊരു മരണക്കാസാ

പാപത്താലീ നരരിൽ ചേർന്നൊരു മരണക്കാസാ
പാനം ചെയ്തിട്ടുലകം തരണം ചെയ്തൊരു ദാസൻ/ദാസി
വലതുവശത്തെ ച്ചോരനതുല്യം നിൻ സഹവാസം
നേടീടണമേ നിഖിലാധിപതേ വിമലർക്കൊപ്പം.

പങ്കിലമാമീയുലകിലമർന്നൊരു നിൻ ദാസൻ തൻ
ദോഷങ്ങളെ നിൻ കരുണക്കടലിൽ പോക്കീടണമേ
നിത്യസമർപ്പിതമായിത്തുടരും നിന്നുടെ ബലിയാൽ
ശാശ്വതമാകും സൗഭാഗ്യത്തിൽ മോദിക്കണമേ.

രോഗികൾക്കുവേണ്ടി

ܒܥܠܬ ܢܝܚܬܐ ܠܐܢܫܘܬܐ ܕܠܗ ܐܬܐ ܘܐܣܝܐ :
ܫܪܝܐ ܘܡܫܬܟܚ ܢܚܘܪܐ ܘܢܘܗܪܐ ܟܠ ܡܫܬܠܚܝܢ .
ܦܪܘܩ ܠܡܟܪܗܝܢ ܕܒܗܝܢ ܗܢܐ ܘܦܪܐ ܒܟܘܪܗܢܝܢ :
ܦܩܘܕ ܒܫܘܒ ܢܝܚܝܢ ܘܐܦ ܥܢܐ ܡܫܬܠܚܝܢ ❖

ܡܫܝܚܐ ܕܐܣܝܗܘܢ ܗܘܐ ܡܠܘܦܢ ܦܓܪ̈ܐ ܠܟܠܗ ܒܡܠܬܗ :

ܗܘܢ ܡܠܘܦܢܐ ܕܐܝܬܘܗܝ ܒܫܠܝܚ ܡܢ ܒܘܪܗܢܐ .

ܐܣܝܐ ܕܢܦܫܬܐ ܕܝܠܗܘܢ ܘܦܓܪܗ ܠܝ ܕܝܘܪܢܐ :

ܒܬܪܥܝܢ ܠܝ ܡܪܢ ܕܠܝܬܐ ܦܘܪܫܢ ܠܐ ܡܠܘܦܢܐ ❖

പാപംമൂലം മനുജർക്കുളവായ് പലവിധരോഗം
പാപവിമോചകനലിവൊടു നീക്കും രോഗമശേഷം-
രോഗം ബാധിച്ചവശത പൂണ്ടൊരീ നിൻ ദാസൻ
പൂർണ്ണമതായൊരു സൗഖ്യം കിട്ടാൻ കേഴുന്നീശാ!

രോഗവിധേയർക്കൻപൊടുസൗഖ്യം നൽകിയ നാഥാ
നിൻ ദിവ്യകരസ്പർശനമേററോർ സുഖമാർന്നതുപോൽ
ഇവനുടെ രോഗമശേഷം നീങ്ങീട്ടെഴുന്നേൽക്കണമേ
ആരോഗ്യത്തൊടു നിൻ സ്തുതിയിവനും പാടീടണമേ.

അനുതാപികൾക്കുവേണ്ടി

ܠܐ ܬܓܥܪ ܒܓܘܢܝܢ ܕܛܠܝܐ ܦܘܪܫܢ ܡܪܝܐ :

ܡܢ ܕܚܛܝܢ ܘܗܐ ܦܩܕܢ ܘܒܫܘܒܩܢܐ ܚܛܗܐ .

ܠܐ ܬܬܪܚܩ ܡܢ ܥܒܕܝܢ ܡܪܝܐ ܐܝܟ ܡܪ̈ܚܡܐ :

ܗܐ ܬܝܒܝܢ ܚܛܝܐ ܡܪܢ ܩܘܒܠܗ ܒܥܘܬܐ ❖

ܠܐ ܐܢܫ ܐܘܪܚ ܐܠܐ ܐܠ ܐܢܫ ܡܪܝܐ ܒܥܠܡܐ :

ܢܦܫܢ ܐܢܫܐ ܕܠܗܘܢ ܐܢܘܢ ܡܠܝܢ ܚܘܒܐ .

ܒܬܫܒܘܚܬܐ ܝܗܒ ܠܢ ܚܘܠܡܢ ܘܚܝܐ :

ܚܘܠܦܢܗ ܡܪܢ ܐܫܪܐ ܘܚܝܐ ܘܠܐ ܚܘܒܬܐ ❖

പാപം ചെയ്യുന്നോരോടീശൻ കോപിച്ചാലും
അനുതാപികളിൽ സ്നേഹത്താലേ കരളലിയുന്നു
പാപികളെപ്പോലങ്ങെക്കല്പന ലംഘിച്ചോരാം
താപികളിവരെത്തനയന്മാരായ് തീർത്തീടണമേ.

നീയല്ലാതില്ലപരൻ നല്ലവനുലകിൽ പരനേ!
മാനവജാതന്മാരെല്ലാരും കറ പൂണ്ടോരാം
ഈ നിന്നടിയാനതി താപത്തൊടു കേണീടുന്നു
നിർമ്മലമാം കുഞ്ഞാടായിവനെ കൈക്കൊള്ളണമേ.

ദൈവകോപത്തിന്റെ കാലത്ത്

ܒܥܕܢܐ ܗܳܢܳܐ ܕܶܐܬܳܐ ܡܚܘܬܐ ܕܪܘܓܙܐ ܐܠܗܝܐ :
ܒܬܘܪܥܐ ܘܐܣܘܪܐ ܕܠܐ ܢܦܠܘܢ ܥܠܝܢ ܡܚܘܬܐ ܕܟܠܗ .
ܒܪܚܡܐ ܘܚܢܢܐ ܕܠܟ ܡܪܝܐ ܠܢܦܫܢ ܥܒܕ ܣܒܪܐ :
ܒܟܠܢ ܐܢܬ ܕܠܢ ܡܪܚܡܢ ܘܣܒܪܐ ܘܬܘܕܝܬܐ ܐܫܒܘܚ ❖

ܡܘܫܐ ܢܒܝ ܒܨܠܘܬܗ ܘܒܥܘܬܗ ܒܥܝܢܐ ܪܒܐ :
ܐܗܪܘܢ ܟܗܢܐ ܒܩܛܪܐ ܘܒܣܡܐ ܕܟܠܗ ܐܬܟܠܝܬ .
ܕܘܝܕ ܒܕܒܚܐ ܕܡܕܒܚܗ ܘܢܫܐ ܐܬܬܝܢ :
ܐܦ ܚܢܢ ܟܠ ܡܚܘܬܐ ܟܠܗ ܥܒܪ ❖

മോശാ നിബിപ്രാർത്ഥിച്ചു ദൈവിക കോപം മാറി
അഹറോൻ തൻ ധൂപത്താൽ ബാധയെ നീ രോധിച്ചു
ദാവീദിൻ യാഗത്താൽ നീ ജനനാശം നീക്കി
ഞങ്ങളെ നേർക്കും കോപ പരീക്ഷകൾ പോക്കീടണമേ.

എല്ലാവിധവും പാപികൾ ഞങ്ങൾ നിന്തിരുമുമ്പിൽ
നിൻ കോപത്താൽ ദുസ്സഹ ശിക്ഷകളിവരിൽ ചേർത്തു
കരുണക്കടലാം പരനേ നിന്നോടു കൃപ യാചിപ്പൂ
ശിക്ഷകളഖിലം പോക്കിയിവർക്കായ് നൽകുക സൗഖ്യം.

മാമൂദീസായ്ക്കു

[illegible] :
[illegible] .
[illegible] :
[illegible] ❖

[illegible] :
[illegible] .
[illegible] :
[illegible] ❖

സൃഷ്ടിസ്ഥിതി പ്രാകൃതമൊന്നമിവയ്ക്കാധാരമതാം
ത്രിത്വപ്പേരിൽ സ്നാനം ചെയ്‌വാനരുളിയ നാഥാ!
ആ വിശ്വാസേ സ്നാനം ചെയ്‌വോനാമീ ദാസൻ
ശുദ്ധീകൃതനായ് നിന്നുടെ സുതനായ് തീരണമിപ്പോൾ.

മാമോദീസാക്കൂദാശയതിൽ ജനകൻ മകനും
സുതനീശോതൻ സഹജന്മമായിത്തീർന്നോനിവനേ
പാവനനാക്കിപ്പുരിലാളനയിൽ പോററീടണമേ
ക്രൈസ്തവപൂർണ്ണത വഴിപോലിവനിൽ ചേർന്നീടണമേ.

വിവാഹത്തിന്

ܢܫܒܘܚ ܠܡܫܝܚܐ ܕܐܬܐ ܘܢܗܘܐ ܡܫܬܝܐ ܠܟܠܬܐ :
ܟܪܝܟ ܗܘܐ ܡܫܬܝܐ ܘܐܬܐ ܥܡ ܒܢܝ̈ ܟܠܬܐ .
ܥܡ ܢܫܒܚܘܢ ܢܨܠܘܢ ܒܟܠܗ ܘܡܫܒܚܢܘܬܐ :
ܘܢܬܪܘܡܡܘܢ ܥܡ ܐܒܗ̈ܝܐ ܘܒܢܝ̈ ܥܠܡܐ ܒܚܕܘܬܐ ❖

ܐܠܗܐ ܕܝܢ ܫܪܐ ܡܫܬܘܬܐ ܥܠܝܗܝܢ ܘܗܘ ܒܚܕܘܬܐ :
ܗܘܝܢ ܡܫܬܘܬܐ ܘܬܗܠܝܢ ܗܘܐ ܢܫܝ̈ܢ ܒܚܕܘܬܐ .
ܢܦܩܢ ܠܥܒܪܐ ܘܥܡܗܝܢ ܠܒܢܝ̈ܐ ܘܡܫܝܚܢ ܒܚܕܘܬܐ :
ܘܡܫܒܚܢ ܒܡܫܬܘܬܐ ܒܐܘܪܚ ܒܚܕܘܬܐ ❖

സഭതൻ പ്രാണപ്രിയനായ് വന്നോരീശോമശിഹാ
നിന്നടിയാരാം ദമ്പതിമാരേ വാഴ്ത്തീടണമേ
വലതുകരത്താൽ മംഗല്യത്തിൽ മുടി ചൂടീടാൻ
കൃപതിങ്ങും നിന്നായിൽ നിന്നും മംഗളമരുൾക.

ദാമ്പത്യത്തിൽ പൂർവ്വപിതാക്കൾ ഭാഗ്യം നേടി
നവദമ്പതിമാരതു പോലിന്നും ധന്യതയാർന്നും
സമ്പത്സന്തതി ധന്യധനത്തോടന്ത്യത്താലും
സന്തോഷത്തോടു ശമമെഴുമായിൽ സ്തുതിപാടണമേ.

പട്ടാഭിഷേകത്തിന്

ܡܪܢܐ ܘܡܫܝܚܐ ܟܠܗ ܫܘܒܚܐ ܠܗܢܐ :
ܘܗܘܐ ܫܒܬܐ ܠܡܠܟܘܬܗ ܥܡ ܟܗܢܐ .
ܒܗ ܡܘܗܒܬܐ ܠܒܢܝܐ ܘܢܦܩ ܠܗ ܢܨܚܢܐ :
ܒܪܝܟ ܫܡܗ ܕܠܗ ܗܘܐ ܡܠܟܘܬܐ ❖

ܡܳܪܝܳܐ ܟܽܠ ܘܰܡܫܰܡܠܶܗ ܡܶܢ ܢܰܗܺܝܪܽܘܬܳܐ :
ܗܳܢܳܐ ܕܰܓܒܺܝܬ ܘܶܐܬܬܥܺܝܕ ܡܳܪܝ ܠܟܳܗܢܽܘܬܳܐ .
ܢܰܠܒܫܽܘܗܝ ܡܶܢ ܢܽܘܗܪܶܗ ܠܒܽܘܫܳܐ ܕܟܳܗܢܽܘܬܳܐ :
ܥܰܡ ܟܳܗܢܶܐ ܢܶܫܬܰܘܶܐ ܕܢܰܓܠܶܐ ܡܳܪܝ ܡܫܰܡܫܳܢܽܘܬܳܐ ❖

ഉയരത്തിന്നും നൽവരജാലം ചൊരിയുമൊരീശാ
പൂർവ്വിക വൈദികഗണമതിനെല്ലാം നീ വരമേകി
ആത്മവരത്തിനു ചേർന്നൊരു ദാസനു നൽകുക ദാനം
നിന്നാശിസ്സിൻ കാന്തിയിലിവനും മോദിക്കണമേ.

സുരവൃന്ദത്താൽ സംസേവിതനാം സർവ്വാധിപതേ
നിന്നുടെ സേവനമതിനാഹ്വാനം കേട്ടാൻ ദാസൻ
അതിനൊത്തീടിന നന്മകളാർന്നതി ഭാസുരനായും
സഹഗണമൊത്തും പ്രാപിക്കണമേ നിന്തിരുവുള്ളം.

ഷഷ്ഠ്യബ്ദപൂർത്തിക്ക്

ܡܳܪܝܳܐ ܟܽܠ ܗܽܘ ܟܽܘܡܪܳܐ ܘܡܰܠܐܰܟ ܢܽܘܗܪܶܗ :
ܘܰܐܒܳܗܳܐ ܘܢܒܺܝܶܐ ܐܝܟ ܒܨܶܒܝܳܢܶܗ ܢܽܘܗܪܶܗ .
ܟܽܠ ܘܰܐܠܒܶܫ ܠܗ ܠܰܓܒܝܳܐ ܗܳܢܳܐ ܢܽܘܪܳܐ ܘܡܫܽܘܚܬܶܗ :
ܗܳܘ ܥܒܰܕܰܝܗ ܠܶܗ ܒܰܫܒܺܝܠܽܘܗܝ ܡܶܢ ܕܢܽܘܚܳܐ ܘܡܫܽܘܚܬܶܗ .

ܢܽܘܗܪܳܐ ܡܳܪܝ ܬܠܳܬ ܒܟܽܘܪܗܳܢܶܗ ܕܰܒܪܺܝܫܝܳܬ ܗܽܘ :
ܟܳܗܢܳܐ ܗܳܢܳܐ ܒܫܽܘܠܳܛ ܐܰܠܗܳܐ ܗܳܢܳܐ ܘܡܶܛܠ .
ܗܳܟܰܢ ܒܰܬܪܡܰܫܡܫܳܢ ܐܶܡܰܪ ܢܶܫܡܰܥ ܒܫܽܘܒܚܳܐ ܡܰܠܐܶܟ :
ܒܢܽܘܗܪܳܐ ܘܡܫܽܘܚܬܶܗ ܥܰܡ ܒܫܽܘܒܚܳܐ ܠܥܳܠܰܡ ❖

തിരുവിഷ്ടം നിറവേററിടുവാനായ് മനുജനു ജീവൻ
കനിവോടേകിയ നിർമ്മാതാവാമഖിലേശ്വരനേ!
ഇതുവരെ നിന്നാൽ സംരക്ഷിതമാം ജീവിതമതിനായ്
അർപ്പിക്കുന്നു നന്ദിസമേതം സ്തോത്രമമേയം!

ഷഷ്ട്യബ്ദത്തിൻ പൂർത്തിയിലെത്തിടുമീ നിൻ ദാസൻ
ചെയ്തോരു പാപമശേഷം നാഥാ പോക്കുക കൃപയാൽ
ധാർമ്മിക ജയമോടാരോഗ്യമതും ദീർഘായുസ്സും
വിഭവസമൃദ്ധിയുമൻപോടിനിയവനേകീടണമേ.

ജൻമദിനശുശ്രൂഷയ്ക്ക്

ܒܪܘܝܐ ܕܝܗܒ ܗܘ ܚܝܝܢ ܠܒܪܢܫܐ ܐܦ ܬܘܪܒܝܬܐ :
ܒܝܘܡ ܗܢܐ ܕܡܘܠܕܗ ܫܢܬܐ ܚܕܬܐ ܥܠܠ ܥܒܕܟ .
ܟܠܠ ܛܝܒܘܬܟ ܡܘܕܐ ܠܟ ܒܬܘܕܝܬܐ :
ܒܥܐ ܡܢܗ ܕܒܛܝܒܘܬܟ ܫܢܝܐ ܘܐܪܝܟܐ ܒܫܝܢܐ ❖

ܫܒܘܩ ܚܘܒܘܗܝ ܕܥܒܕܟ ܘܣܟܠܘܬܗ ܘܚܛܗܘܗܝ :
ܒܗܝܡܢܘܬܐ ܕܫܪܝܪܬܐ ܘܚܘܠܡܢܐ ܘܢܘܓܪܐ ܕܚܝܘܗܝ .
ܗܒ ܠܗ ܛܒܬܐ ܘܢܝܚܐ ܕܢܬܒܣܡ ܒܗ ܟܠܗܘܢ ܝܘܡܬܗ :
ܘܢܘܕܐ ܠܟ ܒܟܠܗܘܢ ܝܘܡܬܐ ܕܚܝܘܗܝ ❖

ജനനവളർച്ചകൾ മനുജനു നൽകിയ നിർമ്മാതാവേ!
ജന്മദിനത്തിൽ നവസംവത്സരമേറിയ ദാസൻ
നിൻ കൃപയോർത്തിന്നാദരവോടു നതിയർപ്പിക്കുന്നു
മംഗളമാക്കുക നിന്നുടെ കനിവാലിവനുടെ ഭാവി.

മനുജനു മലിനതയനുപമമേററീടുമീയുലകത്തിൽ
ദാസൻ ചെയ്യൊരു ദുഷ്കൃതമഖിലം മോചിക്കണമേ
വിമലന്മാരൊത്തന്ത്യം മോക്ഷേചരണമിവനും
സുഖമൊടു വിധിപോലിനി ജീവിപ്പാൻ ബലമേകണമേ.

പള്ളി, മദ്ബഹാ, തബ്ലൈത്താ, കൂദാശയ്ക്ക്

ܡܪܝܐ ܕܨܒܝܬ ܠܥܠܡܐ ܘܒܢܝܬ ܡܥܡܪܟ ܐܒܝܬܐ :
ܘܩܕܫܬܗ ܠܗ ܒܩܘܕܫܐ ܕܩܘܕܫܐ ܠܡܫܪܝܘ ܫܘܠܛܢܐ .
ܘܥܒܕܬ ܥܠܝܗ ܘܡܕܒܚܐ ܐܝܟ ܕܒܫܡܝܐ :
ܘܥܠܘ ܒܗ ܟܗܢܐ ܘܡܫܡܫܢܐ ܘܥܒܕܘ ܬܫܡܫܬܐ ❖

ܡܫܚܘ ܟܗܢܝܟ ܐܝܟ ܦܘܩܕܢܟ ܡܫܝܚܐ ܗܘܐ :
ܐܬܐ ܘܐܬܐ ܠܩܘܕܫܐ ܕܐܘܪܚ ܫܡܝܢ ܒܗܘܐ .
ܡܫܚ ܡܪܝܐ ܕܟܗܢܝ ܡܫܡܫܢܝܢ ܩܕܝܫܝܢ :
ܟܗܢܝܟ ܘܐܒܗܘܢ ܠܒܝܬܐ ܫܡܝܐ ܬܒܠ ܐܬܐ ❖

ഇസ്രായേലിന്നാരാധിപ്പാൻ കൂടാരത്തെ
പണിതു പാവനമാക്കാൻ മോശയൊടോതിയ ദേവാ!
അതിനേവൈദിക വൃത്തികളാൽ നിന്നാലയമാക്കി
ആരാധകരങ്ങാർജ്ജിച്ചൊരു പോൽ കൃപയും തുണയും.

വിധിപോലടിയാർ കൂദാശയതിൽ ചെയ്യാരിന്നാഥ;
ആരാധകർ തൻ രക്ഷയ്ക്കീശാ! പാർക്കണമിവിടെ
തുണയതിനേകിയൊരെല്ലാപേർക്കും ശുഭമേകണമേ
വന്നിങ്ങുസദാ വന്ദിച്ചിടുവോർക്കരുളുക ഭാഗ്യം.

ܒܝܬ ܡܪܕܘܬܐ

ܕܡܠܦܢܐ ܓܝܘܪܓܝܣ ܒܪ ܐܢܛܘܢ ܕܒܝܬ ܟܝܪܐܙ

Ex Libris

Beth Mardutho Library

The Malphono George Anton Kiraz Collection

ܟܠ ܐܢܫ ܕܫܐܠ ܠܗ ܠܟܬܒܐ ܗܢܐ ܡܢ ܒܬܪ ܐܩܪܐ
ܐܘ ܦܚܡ ܡܢܗ ܡܕܡ ܗܘܐ ܡܫܩܠܐ ܒܗ ܢܦܫܐ
ܢܘܕܥ ܕܡܢ ܩܕܡ ܒܝܡܐ ܕܚܝܠܐ ܕܐܠܗܐ ܢܦܠ ܐܘ
ܟܠ ܠܗ ܗܕܐ ܟܠ ܕܫܩܠ ܗܘܐ ܠܗ ܗܕܐ ܟܠ
ܚܪܡܐ ܢܗܘܐ ܕܢܦܩ ܠܗ ܠܟܬܒܗ܀

Anyone who asks for this volume, to read, collate, or copy from it, and who appropriates it to himself or herself, or cuts anything out of it, should realize that (s)he will have to give answer before God's awesome tribunal as if (s)he had robbed a sanctuary. Let such a person be held anathema and receive no forgiveness until the book is returned. So be it, Amen! And anyone who removes these anathemas, digitally or otherwise, shall himself receive them in double.

ܚܘܬܡܐ ܕܩܘܪܒܢܐ ܠܡܘܙܪܐ ܫܢܬܢܝܐ ❖

ആണ്ടടക്കമുള്ള

വി: കുർബാനയുടെ ഹൂത്തോമൊ

രചന

പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവ

സഭാകവി ശ്രീ. സി. പി. ചാണ്ടി പരിശോധിച്ചത്

Published by
The Malankara Orthodox Church Publications Department

Printed at
The Mar Julius Press, Pampakuda.

Price Rs. 15—00